# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.505** **08.08.2017-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി മേഖലയിൽ ജി.എസ്.ടി.യുടെ അനന്തര ഫലങ്ങൾ</u>**

| | ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ജി.എസ്.ടി. നിലവിൽ വന്നത് സംസ്ഥാനത്തെ ലോട്ടറി മേഖലയെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ ജി.എസ്.ടി നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% ചരക്കുസേവന നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ മുഖവില 30/- രൂപയിൽ നിന്നു 26.8/- രൂപയാക്കി നിജപ്പെടുത്തി അതിന്റെ 12% ജി.എസ്.ടി കൂടി ഉൾപ്പെടുത്തി പരമാവധി വിൽപന വില 30/- രൂപയാക്കി നിലനിർത്തിയിട്ടുണ്ട്. ടിക്കറ്റിന്റെ മുഖവിലയിലും ഡിസ്കൗണ്ട് നിരക്കിലും കുറവ് വന്നതുമൂലം ഏജൻറുമാരുടെ വരുമാനത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. ജി.എസ്.ടി ഏർപ്പെടുത്തിയത് മൂലം അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപന ആരംഭിക്കാൻ ശ്രമം നടത്തിയത് ശക്തമായ നിയമ നടപടികളിലൂടെ ചെറുക്കുന്നുണ്ട്. |
| (ബി) | ഒരു ഉൽപ്പന്നമോ സേവനമോ ആയി അംഗീകരിച്ചിട്ടില്ലാത്ത ലോട്ടറി ഏതടിസ്ഥാനത്തിലാണ് ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി നടപ്പാക്കുന്നത് സംബന്ധിച്ച 22.06.2017 ലെ 10017/Leg.A2/2017/Law നമ്പർ ഓർഡിനൻസിലെ ഖണ്ഡിക 2(52) പ്രകാരം ലോട്ടറിയെ 'Goods' ആയി കണക്കാക്കിയിട്ടുണ്ട്. |
| (സി) | ജി.എസ്.ടി.യുടെ മറവിൽ സ്വകാര്യ ലോട്ടറി മാഫിയകൾ തിരിച്ചുവരുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേക്കായി നിലവിൽ <u>പ്രാബല്യത്തിലുള്ള</u> ആക്ടുകളും, റൂളുകളും |

| | | | |
|---|---|---|---|
| | | | കർക്കശമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ജി.എസ്.ടിയുടെ മറവിൽ ടി ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/ പരിശോധനകൾ 27.07.2017 ലെ G.O.(P) No.93/2017/TD പ്രകാരം കൊണ്ടുവന്നിട്ടുണ്ട്.<br><br>മിസോറാം സംസ്ഥാന ലോട്ടറി വിതരണക്കാർ മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും, നിയമാനുസൃതമല്ലാത്ത ഇത്തരം ലോട്ടറികൾ പോലീസ് മുഖാന്തിരം പിടിച്ചെടുത്ത് നിയമനടപടികൾ കൈകൊള്ളുകയും ചെയ്തിട്ടുണ്ട്.<br><br>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജൻറുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**